purposes there are separate places provided Recently, I heard about an incident which took place in the Brahmin Students' Home of the Christian College. It is said that there were unoccupied rooms in the Brahmin Students' Home, and the Brahmin students invited the Christian students to occupy those rooms. Of course, for messing, the Christian students went to their own messing rooms. I think this is the way in which mutual understanding between different sections should progress, instead of making oneself an unwelcome party by thrusting one's presence into another place where one is not wanted. Where there are spare rooms, invitations might be extended in this manner. I think this would be the proper way, and it might come to be adopted in hostels that are constituted for different sections.

Mr. A. B. Salem—Can the students be permitted to have their own way in these matters ?

Mr. C. Matthai.—Well, we have got to consult the opinion of their guardians, as young people are not left to themselves in the decision of these matters.

Mr. A. B. Salem.—For whom is the Ernakulam College Hostel intended ? Is it for the College students or for the High School students ?

Mr. C. Matthai.— There is no Sirkar hostel for the High School students here. But for the St. Albert's High School, Pre[illegible] a Boarding House of their own.

on the original resolution now to take the opinion of the C[illegible] solution as amended. The question before the House is whether the resolution as amended by Mr. C. A. Kurjunni Raja be accepted by the House.

The resolution was put to the vote of the House and was carried.

President.—The next resolution to be discussed here stands in the name of Mr. Kunju Muhammad.

Friday to be a Holiday for Muhammadans.

മിസ്റ്റർ. കുഞ്ഞുമുഹമ്മദ്.—"വെള്ളിയാഴ്ച ദിവസങ്ങളിൽ മുസ്ലീമുകളെ ഈ സംസ്ഥാനത്തെ യാതൊരു വ്യവഹാരകോടതികളിലും ഹാജരാകുവാൻ നിർബ്ബന്ധിക്കരുതെന്നും അവർക്ക് ഒരു പ്രത്യേക മുഴുദിവസമാക്കണമെന്നും ഈ കൌൺസിൽ അപേക്ഷിക്കുന്നു" ഇതാണ് എന്റെ പ്രമേയം.

വെള്ളിയാഴ്ച ദിവസം മുസ്ലീമുകൾക്ക് എന്തെല്ലാം പ്രധാനപ്പെട്ട ഒരു ദിവസമാണെന്നാണ് എനിക്ക് ഒന്നൊന്നായി പറയാനുള്ളത്. ഇസ്ലാം മതം 1,300 കൊല്ലമായി ഉത്ഭവിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇന്നും

LIBRARY ARCHIVES Kerala Legislative Assembly

പ്രചരിച്ചുകൊണ്ടിരിക്കുന്ന ഒരു മതമാണ്". കാലാന്തരത്തിൽ മുസ്ലീം സമുദായത്തിലും പല വിഭാഗങ്ങൾ അതായത് 'സുന്നി,'' ''ശിയ്യാ'' മുതലായ പല ചില്ലറ വിഭാഗങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവരുടെ യാതൊരുത്തരുടെ അഭിപ്രായങ്ങളിലും വെള്ളിയാഴ്ചയുടെ പ്രാധാന്യത്തിനു യാതൊരു വ്യത്യാസവും ഇല്ല. ഏതൊരു കാലത്തെ മുസ്ലീം സമുദായത്തെ എടുത്തുനോക്കിയാലും വെള്ളിയാഴ്ച ദിവസത്തെ എല്ലാവരും ബഹുമാനിച്ച് ഒരു പ്രത്യേക കർമ്മദിവസമായി ഗണിച്ചുവരുന്നതായി കാണാൻ കഴിയും.

മുസ്ലീം രാജ്യങ്ങൾ എവിടെയെല്ലാം ഉണ്ടായിട്ടുണ്ടോ മുസ്ലീം ഗവർമ്മേണ്ടുകൾ എവിടേയെല്ലാം രാജ്യഭരണം നടത്തിയിട്ടുണ്ടോ അവിടങ്ങളിലെല്ലാം വെള്ളിയാഴ്ച ദിവസങ്ങളിൽ അവരുടെ ഗവർമ്മേണ്ടുകളുടേയും മറ്റും സർവ്വപ്രവൃത്തികളേയും നിർത്തിവച്ചിരുന്നുവെന്നും ആ ദിവസത്തെ പൊതുവായുള്ള ഒരു ഒഴിവു ദിവസമായി കരുതിയിരുന്നു എന്നും നമുക്ക് ഇന്ത്യാചരിത്രവും മറ്റു പല രാജ്യങ്ങളിലെ ചരിത്രവും സാക്ഷ്യം വഹിക്കുന്നുണ്ട്.. അറേബ്യാ, ജൂജിച്ച്തു്, പെർഷ്യാ, അഫ്ഗാനിസ്ഥാൻ മുതലായ സ്വതന്ത്ര ഗവർമ്മേണ്ടുകളും ഹൈദരാബാദ്, ബോപ്പാൽ മുതലായ സാമന്തരാജ്യങ്ങളും — ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ ആധിപത്യത്തിൽ പെട്ടതു് — ഇന്നും വെള്ളിയാഴ്ച ദിവസത്തെ പബ്ലിക്ക് ഒഴിവുദിവസമാക്കി പ്രഖ്യാപനം ചെയ്തിട്ടുണ്ട്.

പ്രസിഡണ്ട്".—അതൊക്കെ മുസ്ലീമിങ്ങൾ ഭരിക്കുന്നതും മുസ്ലീമിങ്ങൾ അധികമുള്ളതുമായ രാജ്യങ്ങളല്ലേ?

ഡാക്ടർ എ. ജി. മേനോൻ.—ഇപ്പറഞ്ഞ രാജ്യങ്ങളിൽ ഞായറാഴ്ചയും ഒഴിവുദിവസമാണോ? മെമ്പർക്ക് അതിനെപ്പറ്റി വല്ല അറിവും ഉണ്ടോ?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—ഞായറാഴ്ച ചിലസ്ഥലങ്ങളിൽ ഒഴിവുണ്ടായേക്കാം.

ഡാക്ടർ എ. ജി. മേനോൻ.—അപ്പോൾ അവിടങ്ങളിൽ ആഴ്ചയിൽ രണ്ടു ദിവസം മുടക്കമാണോ?

മിസ്റ്റർ. കുഞ്ഞുമുഹമ്മദ്.—എനിക്ക് അതിനെപ്പറ്റി നല്ല അറിവില്ല. അതിനാൽ തീർച്ചപ്പായാൻ തരമില്ല. ഞാൻ ഇതൊക്കെ പറയുന്നതു് മുസ്ലീം രാജ്യഭരണം നടന്നിടത്തെല്ലാം മതനിയമപ്രകാരം വെള്ളിയാഴ്ച മുഴുവനും ഒഴിവുദിവസമാക്കീട്ടുണ്ടെന്നു് സഭയെ ധരിപ്പിക്കാൻ വേണ്ടിയാണു്. അതുകൊണ്ട് മുസ്ലീം ഭരണമുള്ള രാജ്യങ്ങളിലെല്ലാം ഈദിവസം മുഴുവനും ഒഴിവാക്കണമെന്ന് സിദ്ധിക്കുന്നു. മുസ്ലീമിങ്ങൾക്ക ഈ കാര്യത്തിൽ വളരെ നിഷ്കർഷയുണ്ടെന്നു് ഇതുകൊണ്ട് അനുമാനിക്കാം. ഖുറാനിൽതന്നെ പറഞ്ഞിരിക്കുന്നതു് ''വെള്ളിയാഴ്ച ദിവസത്തിൽ പ്രാർത്ഥനക്കായി വിളിക്കപ്പെട്ടാൽ നിങ്ങളുടെ എല്ലാ പ്രവൃത്തികളേയും ഒഴിവാക്കി ദൈവസന്നിധത്തിനായുള്ള കർമ്മങ്ങൾക്കായി സമയത്തെ വിനിയോഗിക്കുവിൻ" എന്നാണു്. യാതൊരു മുസ്ലീമിങ്ങളുടെ ഇടയിലും ഭിന്നത ഇല്ലാത്ത ഒരു വിഷയമാണു് ഇതു്. അതിനാൽ ഏതൊരു മുസ്ലീമിനും വെള്ളിയാഴ്ച ഒഴിവാക്കികിട്ടുകയും വളരെസന്തോഷത്തേയും ആഹ്ലാദത്തേയുമുണ്ടാക്കുന്ന ഒന്നാണു്. പല രാജ്യങ്ങളിലേയും മുസ്ലീം നടപടിക്രമങ്ങളെക്കുറിച്ചു് പരിചയമുള്ളവർക്കെല്ലാം ഇതിന്റെ വാസ്തവം അറിയാവുന്നതുമാണു്.

മിസ്റ്റർ. സി. എ. ഔസേപ്പു.—ടർക്കിയിൽ അങ്ങനെയാണോ?

മിസ്റ്റർ. കുഞ്ഞുമുഹമ്മദ്.—സംശയമുണ്ടോ? (*Laughter*) അവിടെ ഒഴിവുതന്നെയാണു്. തല്ലാലെ ഹാറാ (hat) ആക്കിയെന്നു മാത്രമേയുള്ളു. (*Laughter*)

LIBRARY ARCHIVES Kerala Legislative Assembly

വെള്ളിയാഴ്ചയെ മാറ്റിയിട്ടില്ല. ഇതു് മുസ്ലീമിങ്ങൾക്കു് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണെന്നു് ഇപ്പോൾ മുസ്ലീം ഭൂരിപക്ഷത്തിലിരിക്കുന്ന രാജ്യങ്ങൾപോലും നല്ല വണ്ണം വെളിവാക്കുന്നുണ്ടു്.

നമ്മുടെ ഈ രാജ്യത്തു് ഇങ്ങനെ ഒരു പ്രമേയം പാസ്സാക്കി നടപ്പിൽ വരുത്തുന്നതുകൊണ്ടു് വല്ല ദോഷവും വരാനിടയുണ്ടോ എന്നാണു് ആലോചിക്കേണ്ടതു്. ആ ആലോചനയിൽ ഒന്നാമതായി പെടേണ്ടതു് ഉദ്യോഗസ്ഥന്മാരുടെ കാര്യമാണു്. അങ്ങനെ വന്നാൽ മുസ്ലീമിങ്ങളായ ഉദ്യോഗസ്ഥന്മാർ നമ്മുടെ സംസ്ഥാനത്തുണ്ടോ, അവർ ഈ ദിവസം വരാതിരിക്കുന്നതുകൊണ്ടു് ഗവർമ്മേണ്ടിന്റെ പൊതുവായ പ്രവൃത്തികൾക്കു് മുടക്കം വരുമോ, എന്നിവകളെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. വലിയ ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവർ മുടങ്ങിയാൽ ജോലിക്കു് ന്യൂനത സംഭവിക്കുമെന്നു് ഞാനും സമ്മതിക്കുന്നു. എന്നാൽ ആ സമുദായത്തിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്നു് ചോദിച്ചാൽ പറയുന്നതിനു വിഷമം ഒന്നുമില്ല. അവരുടെ എണ്ണം കാണുന്നതിനു് ഒരു കൈവിരൽ തന്നെ വേണ്ട. പടിക്കൽ കാവല്ലാരായി കുറെ ഉദ്യോഗസ്ഥന്മാർ മാത്രമെ ഇക്കൂട്ടരിൽ ഉള്ളു. (*Laughter*) ഇവരൊക്കെ ഒരു ദിവസം വന്നില്ലെങ്കിലും അവിടെ കാര്യം നടക്കും. അതുകൊണ്ടു് ഉദ്യോഗലോകത്തിലുള്ള ദോഷം സാരമില്ല. മുസ്ലീമിങ്ങൾ കാര്യമായ ഉദ്യോഗലോകത്തിൽ വളരെ കുറവായതുകൊണ്ടു് ജോലി നടക്കുകയില്ല എന്ന ന്യൂനതയുണ്ടാകയില്ല. അഥവാ ഭാഗ്യം കൊണ്ടോ മറ്റേതു വിധമോ, ഉദ്യോഗലോകത്തു മുസ്ലീമിങ്ങൾ അധികമായി കയറി വരുന്ന കാലത്തു് അവരുടെ കാര്യത്തിൽ ഭേദഗതി ചെയ്യുന്നതിനു് വിരോധമുണ്ടായിരിക്കയില്ല. ഇനി വരുംകാലത്തു മുസ്ലീം ഉദ്യോഗസ്ഥന്മാർ ഉണ്ടാകും. അതുകൊണ്ടു് ഇപ്പോഴിങ്ങനെ ഈ പാസ്സാക്കാൻ പാടില്ല എന്നു പറയുന്നതു് ഒരിക്കലും ന്യായത്തിനും യുക്തിക്കും യോജിച്ചതായി വരികയില്ല. അക്കാലത്തു് അതിനു പരിഹാരമുണ്ടാക്കിക്കൊള്ളാമെന്നാണു് എനിക്കു താഴ്മയായി ഉൽബോധിപ്പിക്കാൻ ഉള്ളതു്.

രണ്ടാമതായി കോടതികളിൽ കേസ് അധികമില്ലാതെയും മുസ്ലീമിങ്ങൾ കക്ഷികളായ കേസുകൾ വെള്ളിയാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ വയ്ക്കുകയും ചെയ്താൽ ആ കോടതികളിൽ വെള്ളിയാഴ്ച ജോലി ഇല്ലാതെ ജഡ്ജിമാർ വെറുതെ ഇരിക്കേണ്ടിവരുമെന്നു വാദിച്ചേക്കാം. എന്നാൽ നമ്മുടെ നാട്ടിലെ കോടതികളുടെ സ്ഥിതി അങ്ങിനെയല്ല. കേസുകൾ, തീർപ്പു ചെയ്യാൻ സാധിക്കാത്ത വിധത്തിൽ അത്ര കൂടുതലായിട്ടുണ്ടു്. കേസ്സു വിസ്തരിച്ചു തീരാത്തതുകൊണ്ടു് നാം പലയിടത്തും അഡീഷനൽ കോടതികൾ വെച്ചു നടത്തുകയാണു്. അതുതന്നെ കേസ്സുകൾ വിചാരണ ചെയ്തു തീർക്കാൻ പാടില്ലാത്ത വിധം അത്ര കൂടുതലാണെന്നു സ്പഷ്ടമാക്കുന്നുണ്ടു്. അതിനു തർക്കമില്ല. അതുകൊണ്ടു് വെള്ളിയാഴ്ച ദിവസം മുസ്ലീമിങ്ങൾ കക്ഷികളായുള്ള കേസുകൾ മാറ്റി വെച്ചാലും അന്നത്തേയ്ക്കു മറ്റൊരവധി അനുസരിച്ചുള്ള കേസ്സുകൾ ഉണ്ടായിരിക്കും.

പ്രസിഡണ്ടു്.—അങ്ങനെ ഉള്ള കേസ്സുകളിലും മുസ്ലീമിങ്ങൾ സാക്ഷികളായി വന്നേക്കാം.

മിസ്റ്റർ കുഞ്ഞുമുഹമ്മദു്.—അതും വേറൊരു ദിവസം നടത്തിയാൽ മതി, എല്ലാ കേസിലും അവർ സാക്ഷിയായി വരികയില്ലല്ലൊ?

ഡാക്ടർ എ. ജി. മേനോൻ.—ബ്രിട്ടീഷിന്ത്യയിൽ എങ്ങിനെയാണു്?

മിസ്റ്റർ കുഞ്ഞുമുഹമ്മദു്.—ബ്രിട്ടീഷ് ഇന്ത്യയിൽ രണ്ടു മൂന്നു മണിക്കൂറു മാത്രമെ അനുവദിച്ചിട്ടുള്ളു. എന്നാൽ അതിനു് എനിക്കു പറയാനുള്ളതു് ബ്രിട്ടീ

LIBRARY ARCHIVES Kerala Legislative Assembly

ഷ് ഇന്ത്യയും നമ്മുടെ രാജ്യവും ഒരു പോലെ അല്ല എന്നാണ്. ബ്രിട്ടീഷ് ഇന്ത്യയെ ഭരിക്കുന്നതു ഒരു വിദേശിയ ഗവമേന്റാണ്. അവർക്ക് പ്രജകളുടെ ന്യായമായ അവകാശങ്ങളെ അനുവദിച്ചു കൊടുക്കാൻ നല്ല മനസ്സുണ്ടാകയില്ല. അവിടെയുള്ളവർ അവരുടെ ന്യായാവകാശങ്ങളെ സഫലമാക്കുന്നതിനും, സത്യാഗ്രഹം മുതലായ ധർമ്മയുദ്ധങ്ങളെക്കൊണ്ടാണ് സ്ഥാപിച്ചിട്ടുള്ളതു. (*Hear. Hear*). നല്ല മനസ്സോടെ കൊടുക്കയില്ല. (*Laughter*). എന്നു നമുക്ക് എല്ലാവർക്കും അറിയുന്നതുകഴിഞ്ഞിട്ടുണ്ടല്ലൊ? അങ്ങനെയുള്ള രാജ്യത്തു അവകാശം ചോദിക്കുമ്പോൾ കൊടുക്കാത്തതിനേപ്പറ്റി അത്ഭുതപ്പെടാനില്ല. അവിടെ പ്രജകൾ പലപ്പോഴും അവരുടെ അവകാശങ്ങൾക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ഗവമേന്റ് കൊടുക്കയില്ലെന്നും പറയും. അപ്പോൾ അവിടെ പിടിയും വലിയും ഉണ്ടാകാതെ തരമില്ല. ഇക്കൊയ്ത്തിലും അവിടത്തെ മുസ്ലീമിങ്ങൾ അവരുടെ അവകാശങ്ങൾ ചോദിച്ചിട്ടുണ്ട്. അങ്ങനെ ഇതിനാലും വഴക്കുപറഞ്ഞു് ഒടുവിൽ പിടിയും വലിയും ആയി. ഈ പിടിയും വലിയും കൊണ്ടു് അത്രകണ്ടം തുണ്ടമായി. അതിൽ ഒരു തുണ്ടം അവർക്കു കിട്ടി. അതാണ് ഒന്നരണ്ടമണി ക്ലർ ആയിപ്പോയതു്. (*Laughter*). ഇങ്ങനെ പിടിച്ചുപറിക്കേണ്ടതല്ല നമ്മുടെ ഗവമേന്റ്. നമ്മുടെ ഗവമേന്റ് സ്വയംഭരണത്തിനിരിക്കുന്ന ഒരു ഗവമേന്റാണ്. പ്രജകളുടെ ക്ഷേമത്തിനായിരിക്കുന്നു ജീവിക്കുന്ന പ്രജാവത്സലന്മാരായ മഹാരാജാക്കന്മാരാൽ ഭരിക്കപ്പെടുന്ന ഒരു രാജ്യമാണ് നമ്മുടെ രാജ്യം എന്നുള്ളതിനു് സംശയമില്ല. (*Hear, Hear.*) ഇങ്ങനെയുള്ള രാജ്യത്തു് ജീവിക്കുന്ന നാം എന്തിനാണ് ഇക്കാര്യത്തിൽ മറ്റുള്ളവരെ അനുകരിക്കാൻ പോകുന്നതു്. ഇതൊക്കെ രാജ്യത്തിന്റെ ക്ഷേമത്തിനായും ഇവിടെയുള്ള സമുദായങ്ങളുടെ ഉൽകർഷത്തിനായും ഗവമേന്റ് അറിഞ്ഞു പ്രവൃത്തിക്കേണ്ടതാണ്.

ബ്രിട്ടീഷിൽ ഇല്ലാത്ത എത്രയോ നല്ല കാര്യങ്ങൾ ഇവിടെ നടക്കുന്നു! ഇന്നു് ഇൻഡ്യയിൽ എങ്ങും ഇല്ലാത്ത വിധം ഇവിടെ കാണുന്ന മാന്യ മഹതിയായ ലേഡിമെമ്പറിനെ നമ്മുടെ സഭയിലേക്കു് നിയമിച്ചതു് അവരെ അനുകരിച്ചാണോ? (*Hear, Hear.*) പരിഷ്കൃതസഭ എന്നുപറയുന്ന മദ്രാസ് നിയമസഭകളിൽപ്പോലും ഇതുവരെ ഒരു സ്ത്രീമെംബർ ഉണ്ടായിട്ടില്ല. അക്കാര്യത്തിൽ അവർ നമ്മെ അനുകരിക്കേണ്ടിയിരിക്കുന്നു. (*Hear, Hear*)* ഇവിടെ തന്നെ നാം ആരും അറിയാതെ ഉണ്ടായ ഒരു നിയമനമാണ് ഇതു്. നിയമിച്ചു കഴിഞ്ഞപ്പോഴാണ് എല്ലാവർക്കും മനസ്സിലായതു്.

ഇംഗ്ലണ്ടിൽതന്നെ സ്ത്രീകളെ നിയമസഭാസാമാജികന്മാരാക്കുന്നായി അനേകകാലം പലവഴക്കുകളും ഉണ്ടായിട്ടുണ്ട്. തന്നിമിത്തം തെരുവുകളിൽവെച്ചു അടിയും ലഹളയും കൂടി ഉണ്ടായതായി കേട്ടിട്ടുണ്ട്. (*Hear, Hear.*)

അതൊന്നും ഇവിടെ ആവശ്യമുണ്ടായിരുന്നില്ല. സ്ത്രീകൾക്ക് അവകാശം കൊടുത്തുകഴിഞ്ഞപ്പോഴാണ് അവർക്ക് ഇങ്ങിനെ ഒരു അവകാശമുണ്ടെന്നതന്നെ മനസ്സിലായതു്. അവിടെ വഴക്കുപറഞ്ഞിട്ടും കൊടുത്തില്ല. നമ്മുടെ ഗവമേന്റ് വിളിച്ചുകൊടുക്കയാണ് ചെയ്തതു്. (*Hear, Hear*).

ബ്രിട്ടീഷ് മുതലായതിനെ അനുകരിക്കാതെ അങ്ങനെയുള്ള ഒരാവശ്യം മുൻകൂട്ടി കണ്ടറിഞ്ഞു് മറ്റൊരു രാജ്യങ്ങൾക്കും ഒരു മാതൃകയായി പ്രവൃത്തിച്ചിരുന്ന നമ്മുടെ കൊച്ചി രാജ്യത്തു് ഈ വിഷയത്തിലും അവരെ (ബ്രിട്ടീഷിനെ) അനുകരിക്കേണ്ട ആവശ്യമില്ലെന്നാണ് ഞാൻ താഴ്മയായി ബോധിപ്പിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതേയും അവിടെ ഈ അവധി അനുവദിക്കാതിരിക്കുന്നതിന് പലേകാരണങ്ങളും ഉണ്ട്. ഒന്നാമതായി ഉദ്യോഗലോകത്തു് മുസ്ലീമങ്ങൾ വളരെ ഉണ്ട്. ഇവർ വെള്ളിയാഴ്ച വന്നില്ലെങ്കിൽ അവരുടെ ജോലി മുടങ്ങും. ഗവർമ്മെന്റിന് അതു് വലിയ ഒരു ഭാരമായിത്തീരും. ഈ മാതിരി പൊതുവായ പലേ തടസ്ഥങ്ങളും നേരിടാവുന്നതുകൊണ്ടാണ് പ്രത്യേകിച്ചും അവിടെ ഒഴിവു കൊടുക്കാതിരുന്നതു്.

മുസ്ലീമങ്ങൾമാത്രമായി താമസിക്കുന്ന സ്ഥലങ്ങളും അവിടെ ധാരാളമുണ്ട്. അങ്ങനെയുള്ള ദിക്കുകളിൽ അവർമാത്രം കക്ഷികളായുള്ള കേസ്സുകൾ മാത്രമേ കാണാൻ നിവൃത്തിയുള്ളു. അന്നു് ഒഴിവുകൊടുത്താൽ കോടതി മുടക്കേണ്ടിവരും. ഏറനാട്, വള്ളുവനാട്, എന്നീ പ്രദേശങ്ങളിൽ ഈ മാതിരി കേസുകളേ കാണുകയുള്ളു. അവക്ക് വെള്ളിയാഴ്ച ഒഴിവുകൊടുത്തു കഴിഞ്ഞാൽ ജഡ്ജിമാർ വെറുതെ ഇരിക്കേണ്ടിവരും. ഇതും അവിടെ വെള്ളിയാഴ്ച ഒഴിവുകൊടുക്കാതിരിക്കുന്നതിനുള്ള ഒരു കാരണമാണ്.

പ്രസിഡന്റ്.—മിസ്റ്റർ കുഞ്ഞുമുഹമ്മദ്! സമയം ആയി. അധികം പറയാനുണ്ടോ? ഉണ്ടെങ്കിൽ പിന്നീടാകാം.

It being 2-p.m., the House rose for lunch. It met again at 3. p. m.

പ്രസിഡന്റ്.—പറയാനുള്ളതു് മുഴുവൻ പറഞ്ഞുകഴിഞ്ഞില്ലല്ലോ? ബാക്കി ഉള്ളതുകൂടി പറയണം.

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—ബ്രിട്ടീഷു് ഇൻഡ്യയിൽ വെള്ളിയാഴ്ച മുഴുവനും അവധി അനുവദിക്കാതിരിക്കുന്നതിനുള്ള കാരണങ്ങളാണ് ഞാൻ കാലത്തു പറഞ്ഞുകഴിഞ്ഞതു്.

ബ്രിട്ടീഷു് ഇൻഡ്യയിൽ ഉദ്യോഗലോകത്തു വളരെ മുസ്ലീമിങ്ങൾ ഉള്ളതും കക്ഷികൾ പലസ്ഥലങ്ങളിലും മുസ്ലീമിങ്ങൾമാത്രമായിവരാൻ ഇടയുള്ളതുമാണ് ഗവർമ്മെന്റു് അതു് അനുവദിക്കാതിരിക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ.

അതുപോലെയുള്ള അസൗകര്യങ്ങളൊന്നും നമ്മുടെ രാജ്യത്തു് ഇല്ലാത്തതുകൊണ്ടു്, മുസ്ലീമങ്ങൾ ന്യായമായി അവകാശപ്പെടുന്ന ഒരു വിഷയത്തെ സംബന്ധിച്ചു് ഈ പ്രമേയത്തെ അനുകൂലിക്കാതിരിക്കരുതെന്നു് ഞാൻ ഈ കൌൺസിലിനെ താഴ്മയായി ഉത്ബോധിപ്പിക്കുന്നു.

60,000-ൽ പരം മുസ്ലീമിങ്ങൾ ഈ രാജ്യത്തു അധിവസിക്കുന്നുണ്ടു്. ക്രൈസ്തവരാണെങ്കിൽ പത്തുരുപ്പായിരം മാത്രമേ ഉള്ളു. അവർക്കു് ശനിയാഴ്ച പ്രത്യേകം ഒഴിവുകൊടുത്തിട്ടുണ്ടു്.

പ്രസിഡന്റ്.—മതം പലതും പലപ്രകാരത്തിൽ അല്ലെ? അവർക്കു് ശനിയാഴ്ചയാണു് കർമ്മദിവസം. എന്നാൽ പ്രത്യേകം ഒഴിവാക്കി കൊടുത്തിട്ടുണ്ടോ എന്നതു് സംശയമാണു്.

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—എന്നെ തെറ്റിധരിക്കരുതു്. അവർക്കു് കൊടുത്തതിൽ അസൂയ ഉള്ളതുകൊണ്ടല്ല ഞാൻ അതു് പറയുന്നതു്. ആ സഹോദരസമുദായത്തിനു് അവരുടെ അവകാശം കിട്ടിയതിൽ സന്തോഷിക്കുന്നതേയുള്ളു. ഇതു മുതുങ്ങിയ ഒരു ജനവിഭാഗത്തിനുപോലും അവരുടെ മതാനുഷ്ഠാനപ്രകാരം പ്രത്യേകം ഒഴിവുകൊടുക്കാൻ വേണ്ടി. ഉദാരതയുള്ള നമ്മുടെ ഗവർമ്മെന്റു് അതിനേക്കാൾ വലിയ ഒരു വിഭാഗമായ മുസ്ലീമിങ്ങളുടെ പ്രാർത്ഥന കേൾക്കാതിരിക്കയില്ല എന്നു് സമർത്ഥിക്കുന്നുണ്ടു് ഞാൻ ഇതു് ഉദ്ദേശിച്ചു പറഞ്ഞതു് (*Laughter*).

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡെണ്ട്.—ജുതന്മാക്ക് ശനിയാഴ്ച മുഴുവനും അവധികൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—ഒഴിവാക്കീട്ടുണ്ടെന്നാണ് എനിക്ക അറിവ്. അവർ ആ ദിവസം കോട്ടിൽ ഹാജരാകുന്ന പതിവില്ല.

പ്രസിഡെണ്ട്.—അവക്ക് അങ്ങനെ അനുവദിച്ചുകൊടുത്തിട്ടുണ്ടോ എന്നറിയാനായിട്ടാണ് ചോദിച്ചത്. അവക്ക് കൊടുത്തിട്ടുണ്ടെങ്കിൽ നിങ്ങൾക്കും തരാമോ എന്നു് ആലോചിക്കാം.

മിസ്റ്റർ കെ. ടി. മാത്തു.—സ്കൂളുകളിൽ ഈ കുട്ടികൾക്ക് വെള്ളിയാഴ്ച അവധികൊടുത്താൽ മറുകുട്ടികളെവെച്ച് പഠിപ്പിക്കാം. അപ്പോൾ അവക്ക് അന്നത്തെ പഠിത്തം നഷ്ടമാകയില്ലെ? വെള്ളിയാഴ്ച അവധികൊടുക്കയെന്നു വച്ചാൽ ദിവസവും കുറഞ്ഞുപോകും.

പ്രസിഡെണ്ട്.—അതും ആലോചിക്കേണ്ട ഒരു സംഗതിയാണ്.

മിസ്റ്റർ കെ. ടി. മാത്തു.—അവക്ക് പ്രത്യേകമായി വിശേഷദിവസങ്ങളിലും അവധി അനുവദിച്ചു കൊടുത്തിട്ടുണ്ട്. അതെല്ലാം കൂടി കണക്കാക്കുമ്പോൾ വളരെകുറഞ്ഞ പഠിത്തദിവസമെ ഉണ്ടാകയുള്ളു.

പ്രസിഡെണ്ട്.—പബ്ലിക്ക് ഹാളിഡേ കൂടാതെയും അവക്ക് പ്രത്യേക അവധിയുണ്ടോ?

മിസ്റ്റർ കെ. ടി. മാത്തു.—വേറെയും ഉണ്ട്. മൊഹറം, ബക്രീദ് മുതലായ ദിവസങ്ങളിൽ അവക്ക് പ്രത്യേക ഒഴിവാണ്.

പ്രസിഡെണ്ട്.—മൊഹറത്തിനും, ബക്രീദിനും എത്രദിവസം അവധി ഉണ്ട്?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—ഗവർമ്മെണ്ട് കോടതികളിൽ അവരെ നിബന്ധിച്ചുവരുത്തരുതെന്നേ ഞാൻ പറയുന്നുള്ളു. അവക്ക് പള്ളിയുടെ ദൂരം അനുസരിച്ച് സമയം കൂടുതൽകൊടുക്കേണ്ടിവരും. ചിലപ്പോൾ പള്ളിയിൽ പോയിവരുമ്പോൾ കോടതിയിലെ സമയം തെറ്റിപ്പോകയും. അങ്ങനെ വരുമ്പോൾ കോടതിയുടെ കല്പന ലംഘിച്ചതിനു് ഒരു കുറ്റം. അതിനു് ചിലർ പള്ളിയിൽ പോയതിനു് കോടതി ശിക്ഷിച്ചു എന്നു് വ്യാഖ്യാനിച്ച് അപഹസിക്കയും ചെയ്യും. അങ്ങനെ കുറ്റപ്പെടുത്താനും അപഹസിപ്പാനും ഇടയാക്കരുതെന്നേ ഞാൻ അപേക്ഷിക്കുന്നുള്ളു.

പ്രസിഡെണ്ട്.—ബ്രിട്ടീഷിൽ എങ്ങിനെയാണ് നടക്കുന്നത്?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—കോഴിക്കോട്ട ഹജൂരിൽ തന്നെ ചില മുസ്ലീം ക്ലാർക്കുമാരുണ്ട്. അവക്ക് കുമ്മസമയം ഒഴിവാക്കികൊടുത്തിട്ടുണ്ട്. അവർക്ക് ഹജൂരാഫീസിനു് അടുത്തുതന്നെയാണ് പള്ളി. അതുകൊണ്ട് പോയ്വരാൻ എളുപ്പമുണ്ട്. പള്ളി അടുത്തില്ലാത്ത സ്ഥലങ്ങളിൽ അങ്ങനെ സാധിക്കയില്ല.

പ്രസിഡെണ്ട്.—കമ്മത്തിനുള്ള സമയം കഴിഞ്ഞു് പ്രവർത്തി എടുക്കുന്നതിനു് വിരോധമുണ്ടോ? കുറാനിൽ എങ്ങനെയാണ് പറഞ്ഞിരിക്കുന്നത്?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—കുറാനിൽ പറയുന്നതു് അന്നേ ദിവസംകച്ചവടം മുതലായ ജോലികളെല്ലാം നിർത്തിവച്ചു് ദൈവസാന്നിദ്ധ്യത്തിനായി സമയം ചിലവിടണമെന്നാണ്. എന്നാൽ എല്ലാവരും അതു പോലെ ചെയ്യാറില്ല. ചിലഭക്തന്മാർ മാത്രമെ അനുഷ്ഠിക്കുന്നുള്ളു. (*Laughter*). ആചാരം ഭേദപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡണ്ടു്.—എല്ലാം ഒരുപോലെ കാക്കാൻ സാധിച്ചെന്നുവരുമോ? കാലസ്ഥിതിയുമൊക്കെ നോക്കണ്ടേ? അതുപോലെ ചെയ്യുന്നതു് നല്ലതുതന്നെ എങ്കിലും സൌകര്യം കൂടി നോക്കണം.

മിസ്റ്റർ കുഞ്ഞുമുഹമ്മദു്.—നടപടി തെറ്റിപ്പോയെങ്കിൽ ഇനി അതു മാറരുതെന്നു് പറയുന്നതു് ശരിയാണെന്നു് വിചാരിക്കുന്നില്ല. അക്കാലത്തുള്ളവർ അതിനെ അനുഷ്ഠിച്ചില്ലെന്നുവച്ചു് ഈതിനെപ്പറ്റി ബോധമുണ്ടായപ്പോഴും ചെയ്യാതിരിക്കുന്നതു് ശരിയല്ല.

പ്രസിഡെണ്ടു്.—കമ്മം ചെയ്യുന്നതിനുള്ള സമയം പ്രത്യേകമായും പ്രവൃത്തികൾ നിശ്ചിയിക്കേണ്ടതാണു് എന്നാൽ പൊതുവായുള്ള ഗവർമ്മേണ്ടു് ജോലികൾ ചെയ്യേണ്ടിവരുന്നതു് ആ നിയമത്തെ വിരോധിക്കുന്നതായി വരികയില്ല. നടപ്പും അങ്ങനേയല്ലെ.

മിസ്റ്റർ കുഞ്ഞുമുഹമ്മദു്.—ഒരു പ്രവൃത്തിയും എടുക്കാതെ കമ്മത്തിനായി ഇരിക്കേണമെന്നു് മതത്തിൽ പറയുന്നുണ്ടു് അതു് നടപ്പുകൊണ്ടു വ്യത്യാസപ്പെട്ടു. ഇപ്പോൾ ആ നടപ്പു് മാറരുതെന്നുപറയുന്നതു് കുറെ സങ്കടമാണു്.

പ്രജകളുടെ അവകാശങ്ങളെ ചോദിക്കുന്നതിനും കൊടുക്കുന്നതിനും സൌകര്യമുണ്ടാക്കുവാനാണു് ഈ കൌൺസിൽ തന്നെ ഏർപ്പെടുത്തിയതു്. അതുകൊണ്ടു് ഈ സന്ദർഭത്തിൽ മുസ്ലീമിങ്ങൾക്കു് കിട്ടേണ്ട ഈ അവകാശം ചോദിക്കുന്നതിൽ ഗവർമ്മേണ്ടു് ഒരിക്കലും തടസ്ഥം പറകയില്ലെന്നാണു് എന്റെ വിശ്വാസം.

ഉദ്യോഗസ്ഥന്മാരുടെ ക്ഷയത്തിൽ ഗവർമ്മേണ്ടു് കമ്മസമയം മാത്രം ഒഴിവു കൊടുത്താൽ മതിയാകും. അല്ലെങ്കിൽ പൊതുവായുള്ള ജോലി മുടങ്ങും. വെറുതെയിരിക്കുന്ന സാക്ഷികളെ വിളിച്ചുവരുത്തി പള്ളിയിൽ പോയതിനു് ശിക്ഷയും കൊടുത്തയയ്ക്കുന്നതുപോലെ (*Laughter.*)ഞാൻ വീണ്ടും പറയുന്നുള്ളു. അതിനായിട്ടാണു് പ്രത്യേകമായും ഈ പ്രമേയം കൊണ്ടുവന്നതു്.

ഇനി ഈ കൌൺസിലിൽ ഇതിനെ പ്പറ്റി മതനിയമപ്രകാരം സംസാരിക്കുന്നതിനായി രോം അല്ല രണ്ടുപേർ ഉണ്ടു് എങ്കിലും ഒരു മെംബർ ഉദ്യോഗസ്ഥലോകത്തിൽ പെട്ടുപോയതുകൊണ്ടു് ഉള്ളതും ഇല്ലാത്തതും ഫലം ഒന്നുതന്നെ (*Laughter.*)— ഉദ്യോഗമെംബറിനു് ഇതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കയില്ലല്ലോ. അതുകൊണ്ടു് ഒരൊറ്റ ആൾ മാത്രമേ മുസ്ലീമായിട്ടു പറയാനുള്ളു. അതുകൊണ്ടു് ബാക്കിയുള്ള ഭൂരിപക്ഷം മെംബറന്മാരുടെ സഹായസഹകരണംകൊണ്ടല്ലാതെ ഇതു് വിജയകരമാകയില്ലെന്നു് എനിക്കു് പൂർണ്ണവിശ്വാസമുണ്ടു്.

പഴയനടപടിതന്നെ മതിയെന്നു് പറയുകയാണെങ്കിൽ കാസ്മോപോളിറ്റൻ ഹോസ്പിറ്റൽ ഒന്നും ആവശ്യമില്ലായിരുന്നുവല്ലൊ? പണ്ടത്തെപ്പോലുള്ള ഹോസ്പിറ്റലുകൾ മതിയായിരുന്നുവല്ലൊ. ലോകം അഭിവൃദ്ധിപ്പെട്ടതൊറും മനുഷ്യസുഖമായവും പരിഷ്കൃതമാകും. അതുകൊണ്ടാണു് നാം കാസ്മോപോളിറ്റൻ ഹോസ്പിറ്റൽ വേണമെന്നു് തീർച്ചയാക്കിയതു്. അതുപോലെ ഞാനും ചോദിക്കുന്നതു് പഴയകാലങ്ങളിൽ മതബോധമുള്ളവർ മുരുക്കമായിരുന്നതിനാലും അവരുടെ അവകാശങ്ങൾ ചോദിച്ചുവാങ്ങാൻ ആളില്ലായിരുന്നതിനാലും ഉണ്ടായിരുന്നെങ്കിൽ തന്നെ ചോദിക്കുന്നതിനുള്ള വഴി അടച്ചിരുന്നതിനാലും, കിട്ടാതിരുന്ന ഒരു അവകാശത്തെയാണു്. ഇപ്പോൾ ഞങ്ങൾക്കു് മതനിയമത്തെ നല്ലവണ്ണം അനുഷ്ഠിക്കണമെന്നുള്ള ബോധം ഉണ്ടായി. അതിനാൽ ഞ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് വെള്ളിയാഴ്ച മുഴുവനും ഒഴിവാക്കിത്തരണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. മാന്യരായ മെമ്പർമാരുടെ സഹായസഹകരണമാണ് എനിക്ക് ഇതിന്റെ വിജയത്തിന് ആധാരമായിട്ടുള്ളത്. അവരുടെ മുമ്പാകെ സഹായസഹകരണത്തെ താഴ്മയായി ബഹുമാനപൂർവ്വം അപേക്ഷിച്ചുകൊണ്ട് ഇതിനെ അവസാനിപ്പിക്കുന്നു.

ഇനി ഇതിന് വല്ല അഭിപ്രായവും പറയുന്ന എല്ലാ മെമ്പർമാരും മലയാളത്തിൽ പറഞ്ഞാൽ എനിക്കു മനസ്സിലാക്കാൻ നല്ലവണ്ണം സാധിക്കും. അതിനായി കുറച്ചുകൂടി ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ കല്ലിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—മിസ്റ്റർ കുഞ്ഞുമുഹമ്മദ് ഹാജരാക്കിയ പ്രമേയത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതു തീർച്ചയായും ഈ കൌൺസിലിൽ പാസ്സാക്കേണ്ട ഒരു വിഷയം തന്നെയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ധാരാളം മുസ്ലീമിങ്ങൾ ഉണ്ട്. ഞാനും എന്റെ സ്ഥലത്തുള്ള മുസ്ലീമിങ്ങളും തമ്മിൽ ഈ പ്രമേയത്തെക്കുറിച്ച് സംസാരിക്കാൻ ഇടയായിട്ടുണ്ട്. ഈ റസലൂഷൻ പാസ്സാക്കേണ്ട കാര്യത്തിൽ വേണ്ട സഹായങ്ങൾ ചെയ്യണമെന്ന് എന്നോട് അവർ ആവശ്യപ്പെടുകയും ചെയ്തു. അവരുടെ ആ അപേക്ഷയിലുള്ളതും ഒരു സമുദായത്തിന് ന്യായമായി കിട്ടേണ്ടതായ ഒരു അവകാശമാകയാലുമാണ് ഞാൻ പ്രത്യേകമായി അനുകൂലിക്കുന്നത്. ഞായമായി സംസാരിക്കാൻ ഇടവന്നവരുടെ അഭിപ്രായം രണ്ടു മണിവരെ ഒഴിവ് ആയാലും കുഴപ്പമില്ലാത്തതാണെന്നാണ്. രണ്ടു മണിവരെ കമ്മങ്ങൾക്കായും മറ്റും മനസ്സാൽ തന്നെ നിർബന്ധിക്കപ്പെട്ടിട്ടുള്ള സമയമാണെന്നാണ് അവർ പറയുന്നത്.

പ്രസിഡണ്ട്.—രണ്ടുമണിക്കു ശേഷവും പള്ളിയിൽ പോകാതെയാ കമ്മം നടത്തുകയോ ചെയ്യുന്നുണ്ടോ?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—കമ്മം രണ്ടുമണിവരെയാണ്. പിന്നെ വീട്ടിൽ വച്ചും വല്ല പ്രാർത്ഥനകളും ചൊല്ലിക്കൊണ്ടിരിക്കും, അതും എല്ലാവരും ഇല്ല. ചില ഭക്തന്മാർ മാത്രമെ അങ്ങിനെ ചെയ്യുകയുള്ളു. (*Laughter*)

പ്രസിഡണ്ട്.—പിന്നീടുള്ള സമയം ജോലിചെയ്യട്ടെന്നു മതത്തിൽ പറയുന്നുണ്ടോ?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—കുറാനിൽ പറഞ്ഞിരിക്കുന്നതു വെള്ളിയാഴ്ച ദിവസം മുഴുവനും കച്ചവടം മുതലായ പ്രവർത്തികളെ നിർത്തിവെച്ചു ദൈവിചാരത്തിനായി ചിലവിടണമെന്നാണ്. വ്യാഖ്യാനകർത്താക്കന്മാർ ജനങ്ങളുടെ സൌകര്യങ്ങളും മാനോക്കി ഇന്ന സമയം മുതൽ ഇന്ന സമയം വരെ-അതായതു 11 മുതൽ 12 മണിവരെ-കമ്മത്തിനുള്ള സമയം എന്നാക്കി വച്ചിട്ടുണ്ട്.

പ്രസിഡണ്ട്.—കമ്മം എപ്പോഴാണ് ആരംഭിക്കുന്നതു?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—ഈ പറഞ്ഞ സമയം തന്നെയാണ് നിർബന്ധസമയം. അതു് ആരംഭിക്കുമ്പോൾ വാങ്കു് വിളിക്കും. അതു 11 മണിയോടുകൂടിയാണ്. അതിനുമുമ്പു് ശുദ്ധിയാകാനും അതിലേക്കു തുടങ്ങാനും മറ്റെ സമയം വേണം.

മിസ്റ്റർ കെ. ടി. മാത്യു.—ഈ സ്ഥിതിക്കു മുഴുവൻ ദിവസവും എന്നതിനെ മാറ്റി രണ്ടു മണി വരെ എന്നു് ചേർക്കുന്നതിനു് പ്രമേയകർത്താവിനു് വിരോധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡെണ്ട്.—വിരോധമുണ്ടോ?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—ഉവ്വ്. വിരോധമുണ്ട്. പിന്നെ രണ്ടു മണിക്കു മുമ്പ് ഉള്ളല്ലൊ. (*Laughter*) ഗവർമ്മേണ്ടു് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചല്ലെ പറയുന്നതു്. പബ്ലിക്കു് ആഫീസുകളിൽ ജോലി ഉള്ളവർ വരണമെന്നു് പറഞ്ഞാൽ വരാതിരിക്കാൻ തരമില്ല. അവർക്കു് രണ്ടു മണി വരെ ഗവർമ്മേണ്ടു് പ്രത്യേകമായി അനുവാദം കൊടുത്താൽ മതിയാകും. സാക്ഷികളേയും കക്ഷികളേയും കോടതിയിൽ വരുത്തുന്നതിൽനിന്നു് അവരെ ഒഴിവാക്കുക തന്നെ വേണം.

പ്രസിഡെണ്ട്.—പ്രമേയം അങ്ങിനെ തന്നെ ഇരിക്കട്ടെ. മാറാം ഒന്നും ചെയ്യേണ്ട. അതല്ലെ പറയുന്നതു്?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—പ്രമേയം ഇങ്ങനെ പാസ്സാക്കിയാലും ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് ഗവർമ്മേണ്ടിന്റെ ഇഷ്ടംപോലെ ചെയ്യാം.

മിസ്റ്റർ കപ്പിത്താട്ടു് ശങ്കരൻനമ്പൂതിരി.—രണ്ടുമണിവരെ ഒഴിവുകൊടുത്താൽ മതിയെന്നല്ല ഞാൻ പറയുന്നതു്. മുഴുവൻ ദിവസവും അനുവദിച്ചു് കിട്ടിയില്ലെങ്കിൽ 2 മണിവരെയെങ്കിലും കിട്ടണമെന്നാണു് അവർ പറഞ്ഞതിനെയാണു് ഞാൻ സൂചിപ്പിച്ചതു്. അതുകൊണ്ടു് മുസ്ലീങ്ങളുടെ ന്യായാവകാശങ്ങളെ അടിസ്ഥാനപ്പെടുത്തി മിസ്റ്റർ കുഞ്ഞുമുഹമ്മദു് ഭാഷാക്കിയിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചു് വെള്ളിയാഴ്ച ദിവസത്തെ അവർക്കു് പ്രത്യേക ഒഴിവു ദിവസമാക്കണമെന്നു് ഞാനും അഭിപ്രായപ്പെടുകയും പ്രമേയത്തോടു് യോജിക്കയും ചെയ്യുന്നു.

മിസ്റ്റർ കെ. ടി. മാത്തു.—ഗവർമ്മേണ്ടിന്റെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

പ്രസിഡെണ്ട്.—ഗവർമ്മേണ്ടിന്റെ അഭിപ്രായം പറയാം. മെമ്പർമാർക്കു് വല്ലതും പറയാനുണ്ടെങ്കിൽ അവരുടെ അഭിപ്രായം കേൾക്കട്ടെ. ഗവർമ്മേണ്ടിനു് പെട്ടെന്നു ആലോചിച്ചു് തീരുമാനിക്കേണ്ട ഒരു കാര്യമല്ല ഇതു്.

മിസ്റ്റർ കെ. പി. കറുപ്പൻ.—ഞാൻ മിസ്റ്റർ കുഞ്ഞുമുഹമ്മദിന്റെ പ്രമേയത്തോടു് പൂർണ്ണമായി യോജിക്കുന്നു. പക്ഷെ അതുമൂലം ഉണ്ടായേക്കാവുന്ന ചില ദോഷങ്ങളേക്കുറിച്ചു് രണ്ടുവാക്കു് ഇവിടെ പറയാതെ നിവൃത്തിയില്ല. വെള്ളിയാഴ്ചദിവസത്തെ ഒരു ഒഴിവുദിവസം ആക്കിത്തീർത്തു് ശുദ്ധമായി ആചരിക്കണമെന്നുള്ള അഭിനിവേശത്തോടുകൂടിയാണു് അദ്ദേഹം ഇങ്ങിനെ ഒരു പ്രമേയം കൊണ്ടുവന്നതു്. അങ്ങനെ ആയാൽ—വെള്ളിയാഴ്ച ഒഴിവുദിവസമാക്കിയാൽ—ആ സമുദായത്തിൽ പെട്ടവർക്കു് ഉദ്യോഗം കിട്ടാൻ പക്ഷെ തടസ്ഥം നേരിട്ടേയ്ക്കാം. അതു് ഇവിടെ ഇപ്പോൾ നടന്ന സംഭാഷണങ്ങളിൽ നിന്നതന്നെ പ്രത്യക്ഷപ്പെട്ടതും കഴിഞ്ഞു.

പ്രസിഡെണ്ട്.—പ്രമേയത്തെ പിൻതാങ്ങുകയല്ലെ ചെയ്യുന്നതു്? ആദ്യം പറഞ്ഞവാക്കു് ഞാൻ കേട്ടില്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—പ്രമേയത്തോടു് യോജിക്കുന്നു എന്നാണു് പറഞ്ഞതു്. എങ്കിലും അതുമൂലം അവരുടെ സമുദായത്തിനു് നേരിട്ടേയ്ക്കാവുന്ന ചില ന്യൂനതകളെ ബോധിപ്പിക്കയാണു്. വെള്ളിയാഴ്ചദിവസത്തെ മതപ്രകാരം രണ്ടു മുടക്കുദിവസം ആക്കുന്നതു് നല്ലതുതന്നെ. എന്നാൽ വെള്ളിയാഴ്ച മുടക്കു വരുമ്പോൾ അക്കൂട്ടർക്കു് ഉദ്യോഗംകൊടുക്കാൻ അധികൃതന്മാർ കുറെ മടികാണിക്കും. എന്തുകൊണ്ടെന്നാൽ ഇവരെ നിയമിച്ചാൽ വെള്ളിയാഴ്ച മുടക്കമാണു്. അ

LIBRARY ARCHIVES Kerala Legislative Assembly

വർ വരികയില്ല. അന്നത്തെ ജോലി മുടങ്ങിപ്പോകും. അതുകൊണ്ട് വേറെ വല്ലവരേയും എടുത്താൽ മതിഎന്ന് അധികാരികൾ വിചാരിക്കാൻ ന്യായമുണ്ട്. അല്ലെങ്കിൽ ജോലി മുടങ്ങിപ്പോകയും ചെയ്യുമല്ലൊ. അങ്ങനെയായാൽ ഉദ്യോഗലോകത്തു് അവർക്ക് ഇനിയും പ്രവേശനം ലഭിച്ചില്ലെന്നു വരും. ഇപ്പോൾ തന്നെ അവരുടെ ഇടയിൽ ഉദ്യോഗസ്ഥന്മാർ വളരെ ഇല്ല. അതു് സമുദായത്തിനു് പക്ഷെ വലിയ ദോഷത്തെ ചെയ്യുക്കാം.

പ്രസിഡെണ്ട്.—മിസ്റ്റർ കറുപ്പൻ പറയുന്നതു് കേട്ടില്ലേ. വെള്ളിയാഴ്ച ഒഴിവുകൊടുത്താൽ അവർ ജോലിക്കു് വരികയില്ല. അന്നത്തെ ജോലി മുടങ്ങും എന്നീകാരണങ്ങളാൽ വല്ല ഉദ്യോഗവും ഒഴിവുവരുമ്പോൾ അവക്കു് കൊടുക്കാൻ അധികാരികൾ മടിക്കുമെന്നാണു് പറയുന്നതു്.

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—ഞാൻ ഒരു യഥാർത്ഥ മുഹമ്മദീയന്റെ നിലയിൽ പറകയാണെങ്കിൽ ഉദ്യോഗം കിട്ടിയില്ലെങ്കിലും വേണ്ടില്ല. മതത്തിനുവേണ്ടി ഉദ്യോഗം വേണ്ടെന്നു് വയ്ക്കുന്നതിനു് മുസ്ലീമിങ്ങൾക്കു് ഒരു മടിയും ഇല്ല. (*Laughter*) അവക്കു് ഉദ്യോഗത്തേക്കാൾ വലുതു് മതമാണു്.

മിസ്റ്റർ കെ. വി. കുറുപ്പൻ.—മിസ്റ്റർ കുഞ്ഞുമുഹമ്മദിന്റെ പ്രസംഗത്തിൽ നിന്നും എനിക്കു് മനസ്സിലായതു് വെള്ളിയാഴ്ച്ചദിവസം കക്ഷികളും സാക്ഷികളും കോടതിയിൽ ഹാജരാകുന്നതിൽ നിന്നു് എങ്കിലും ഒഴിവാക്കികിട്ടണമെന്നു് പറയുന്നതായിട്ടാണു്.

പ്രസിഡെണ്ട്.—പബ്ലിക്ക് ആപ്പീസുകളിലും ഒഴിവാക്കികൊടുക്കണം.

മിസ്റ്റർ കെ. വി. കറുപ്പൻ.—അങ്ങനെ ആകുമ്പോഴാണു് ഞാൻ മുമ്പു പറഞ്ഞ ഉദ്യോഗലാഭനഷ്ടം വരുന്നതു്. കോടതികളെ സംബന്ധിച്ചിടത്തോളം അങ്ങനെതന്നെ ചെയ്തുകൊടുക്കണം. സ്കൂളുകളുടെ കാര്യത്തിൽ മിസ്റ്റർ കെ. ടി. മാത്തൻ പറഞ്ഞതുപോലെ ഒരു ക്ലാസ്സിൽ പല കുട്ടികളും ഉണ്ടാകും. അന്നു് അവക്കായി ക്ലാസ്സു മുടക്കൽ സാധിക്കയില്ല. അന്നു് പഠിത്തം നടത്തിയാൽ അന്നത്തെ വിഷയം ഒഴിവുകൊടുക്കുന്ന മുസ്ലീം കുട്ടികൾക്കു് അറിയാൻ ഇടവരികയില്ല. ഇങ്ങനെ ഒന്നോരണ്ടു ദിവസത്തെ പഠിത്തമല്ല നഷ്ടപ്പെടുന്നതു്. ഒരാണ്ടിലായി പലദിവസവും കൂടുമ്പോൾ അതു് കുട്ടികൾക്കു് വലിയ ദോഷത്തെ ചെയ്യും. മതത്തെ ദീക്ഷിച്ചു് ജീവിക്കുന്നവർ പക്ഷെ ഉദ്യോഗത്തിനു് വരാതെയും ഇരുന്നെയ്യാം. എങ്കിലും ചിലർ വരാതിരിക്കയില്ല. അതുകൊണ്ടു് വെള്ളിയാഴ്ച കോടതികളിൽ ഹാജരാകുന്നതിനു് മുസ്ലീമിങ്ങളെ നിർബന്ധിക്കരുതെന്നു് ഈ പ്രമേയത്തിന്റെ സ്വരൂപം ഒന്നു് മാറിയാൽ സമുദായത്തിനും നന്നായിരിക്കും. ഇങ്ങനെയൊക്കെ ആണു് സ്ഥിതി എങ്കിലും മതത്തെ അടിസ്ഥാനപ്പെടുത്തി പാസ്സാക്കികിട്ടണമെന്നുള്ള അഭിനിവേശത്തോടുകൂടി കൊണ്ടുവന്ന ഒരു പ്രമേയം ആയതിനാൽ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു.

President.—Mr. Kasturi Ranga Ayyar, what have you to say?

റാവുസാഹിബ് ടി. വി. കസ്തൂരിരങ്കയ്യർ—മലയാളത്തിൽ തന്നെപറയണമെന്നുണ്ടോ?

പ്രസിഡണ്ട്—കുഞ്ഞുമുഹമ്മദിനു് മലയാളത്തിൽ പറയുന്നതായിരിക്കും നല്ലതു്. മലയാളത്തിൽ പറഞ്ഞാൽ സംഗതികളൊക്കെ വിവരിക്കാൻ പറ്റിയെന്നു വരുമെങ്കിലും മലയാളത്തിൽ പറയുന്നതാണു് നല്ലതു്.

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് ടി. വി. കസ്തൂരിരങ്കയ്യർ.—ഗവമ്മേണ്ടിനു് ഇതിൽ പ്രത്യേകമായിട്ടു് ഒരു അഭിപ്രായമുണ്ടെന്നു് പറയാൻ പാടില്ല. ഒരു സമുദായത്തിനും ഒരു തരത്തിലും മറെറാരു സമുദായത്തിനു് വേറൊരു തരത്തിലും ഏറ്റപ്പാടുകൾ വെണ്ടതാണെന്നു് ഗവമ്മേണ്ടു് കരുതുന്നില്ല. ഓരോ സമുദായക്കാരുടെയും ആചാരങ്ങളും നോക്കി അതിനു വേണ്ട അനുകൂലവ്യവസ്ഥകൾ ചെയ്തുകൊടുത്തു് പരിപാലിച്ചു കൊണ്ടുപോകേണ്ടതാണെല്ലാ എല്ലാ ഗവമ്മേണ്ടുകളുടെയും കടമയും നയവും അപ്രകാരം ചെയ്യണമെന്നുതന്നെയാണു് നമ്മുടെ ഗവമ്മേണ്ടിനേയും ആഗ്രഹം അതാണു്. ഗവമ്മേണ്ടിന്റെ പ്രമാണവും ധർമ്മവും. എന്നാൽ മുസൽമാൻ സമുദായത്തിനു് പ്രത്യേകം ഒരു ഏറ്റപ്പാടുചെയ്യാനുള്ള അപേക്ഷയെ ഗവമ്മേണ്ടു് പ്രതികൂലിക്കുമെന്നും വിചാരിക്കേണ്ട. ഈ വിഷയത്തിൽ ന്യായമായി കഴിയുന്ന സൌകര്യം ചെയ്തുതരാൻ ഗവമ്മേണ്ടു് ആഗ്രഹിക്കുന്നുണ്ടു്.

മദ്രാസു് പ്രസിഡൻസിയിൽ ധാരാളം മുസ്ലീമീങ്ങൾ ഉണ്ടു്. അവിടെ പബ്ലിക്കു് ഓഫീസുകളിലും മാറും ഉള്ള മുസ്ലീം ഉദ്യോഗസ്ഥന്മാർക്കു് വെള്ളിയാഴ്ച ദിവസം ഒരു മണി മുതൽ രണ്ടുമണിവരെ ജുമകമ്മങ്ങൾക്കായി ഒഴിവു് അനുവദിച്ചുകൊടുക്കുന്നുണ്ടു്. ബ്രിട്ടീഷു് ഗവമ്മേണ്ടിന്റെ ഭരണത്തിൽ പെട്ട എല്ലാ സ്ഥലത്തും അങ്ങനെയാണു് ചെയ്യുന്നതു്. അതുപോലെ ഒരു ഏറ്റപ്പാടു് ഇവിടേയും ചെയ്തുതരുന്നതിനു് ഗവമ്മേണ്ടിനു് യാതൊരു വിരോധവും ഇല്ല.

പ്രസിഡെണ്ടു്.—തിരുവിതാംകൂറിൽ ഏതുവിഭാഗത്തിലാണു്?

റാവുസാഹിബ് ടി. വി. കസ്തൂരിരങ്കയ്യർ.—തിരുവിതാംകൂറിലെ സമുദായം ഞാൻ അറിഞ്ഞിട്ടില്ല.

മിസ്റ്റർ. കുഞ്ഞുമുഹമ്മദു്.—അവിടേയും ഇതുപോലെ ഒരു റസല്യൂഷൻ നിയമസഭയിൽ കൊണ്ടുചെന്നു. പക്ഷെ അതു നീണ്ടുനീണ്ടു് വന്നപ്പോൾ വെള്ളിയാഴ്ചയായിപ്പോയി (*Laughter*).

പ്രസിഡെണ്ടു്—മൈസൂരിലെ കാര്യം എങ്ങനെയാണു്?

റാവുസാഹിബ് ടി. വി. കസ്തൂരിരങ്കയ്യർ—അവിടം മുസ്ലീം രാജ്യമാണു് ഏറ്റപ്പാടു് എങ്ങനെ എന്നു് നല്ലവണ്ണം അറിയുന്നില്ല.

മിസ്റ്റർ കുഞ്ഞുമുഹമ്മദു്.—അവിടെ വെള്ളിയാഴ്ച ദിവസം മുഴുവനും അവധിയാണു്.

റാവുസാഹിബ് ടി. വി. കസ്തൂരിരങ്കയ്യർ. അങ്ങനെയാണെങ്കിൽതന്നെയും അവിടെ അധികവും മുസ്ലീമുകൾ ആയതിനാലായിരിക്കും. ഇങ്ങനെപറയുന്നതുകൊണ്ടു് തെറ്റിദ്ധരിക്കരുതു്. എല്ലാ സമുദായങ്ങൾക്കും ഗവമ്മേണ്ടു് ഒരുപോലെ സഹായം ചെയ്യേണ്ടതാണു്. ഇപ്പോൾ ഞങ്ങൾ ഒരു അന്വേഷണം നടത്തിയതിൽ മദ്രാസു സ്ഥാനത്തു മദ്രാസുഗവമ്മേണ്ടിന്റെ കീഴിലുള്ള നാട്ടുരാജ്യങ്ങളിലും വെള്ളിയാഴ്ച ദിവസം മുഴുവനും അവധി കൊടുക്കുന്നില്ല എന്നാണറിയുന്നതു്. അവിടെ ഉള്ള പബ്ലിക്കാഫീസുകളിലെ മുസ്ലീമുദ്യോഗസ്ഥന്മാർക്കു് ഒരുമണി മുതൽ രണ്ടുമണിവരെ ജുമകമ്മം നടത്തുന്നതിനായി അനുവാദം കൊടുത്തിട്ടുണ്ടെന്നു് അറിയുന്നു. അവിടെ അങ്ങനെ ഒരു സ്റ്റാൻഡിങ്ങു് ഓർഡർ തന്നെയുണ്ടു് അതുപോലെ ഒരു ഏറ്റപ്പാടു് ഇവിടേയും ചെയ്യാം. കോടതികളിൽ സാക്ഷികളും കക്ഷികളും ഹാജരാകേണ്ടിവരുന്നതിൽ അവർതന്നെ കോടതിക്കായി അപേക്ഷിച്ചാൽ കേസ്സുകളും അവധി നീട്ടിക്കൊടുക്കുന്നുണ്ടു്. ഞാൻ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് കോടതിയിൽ ഇരുന്ന നാൾ

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സ്വന്ത അനുഭവത്തിൽ തന്നെ ഒരു കേസ്സ് അപ്രകാരം ഞാൻ ചെയ്തിട്ടുണ്ട്. ആ കേസ്സിനു നൂറോളം മുസ്ലീങ്ങൾ കക്ഷികളായും അറുപതോളം സാക്ഷികളായും ഉണ്ടായിരുന്നു. കേസ്സ് വെള്ളിയാഴ്ചക്കണ് വിചാരണയ്ക്കുവന്നതു്. വെള്ളിയാഴ്ച വരാൻ അവക്കു പ്രയാസമാണെന്നു് അവർ എല്ലാവരും കൂടി ആവശ്യപ്പെടുകയാൽ ഞാൻ കേസ്സ് നീട്ടിക്കൊടുത്തു. അങ്ങിനെ അധികം മുസ്ലീമിങ്ങൾ ഉണ്ടാകുമ്പോൾ സാധാരണ കേസ്സ് നീട്ടിക്കൊടുക്കുന്നവതിനു് കോടതികളിൽ ഉണ്ടു്. അതുകൊണ്ടു് അതിനു പ്രത്യേകമായ ഒരു ഏർപ്പാടു വേണമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഏതായാലും തിരുവിതാംകൂറിലെയും കൊച്ചിയിലെയും സമ്പ്രദായങ്ങളെ അനുഷ്ഠിച്ചു് അവിടങ്ങളിലെ പ്രകാരമുള്ള ഏർപ്പാടു ചെയ്യാം. പക്ഷെ അതിനു കുറെകാലം താമസം വേണ്ടിവരും. അതുവരെ മുസൽമാൻമാരായ ഉദ്യോഗസ്ഥന്മാർക്കു് ഒരു മണിമുതൽ രണ്ടുമണിവരെ ഒഴിവു കൊടുക്കാം പിന്നീടു് അവിടങ്ങളിൽ അനുഷ്ഠിച്ചു് ഈ പതിവിൽ വല്ലഭേദഗതിയും ചെയ്യാം. എന്നല്ലാതെ ഈ പ്രമേയത്തിൽ പറയുന്നതിനെ അടിസ്ഥാനമാക്കി ഒരു ഏർപ്പാടു് ചെയ്യേണ്ട പ്രത്യേകാവശ്യം കാണുന്നില്ല.

മിസ്റ്റർ എൻ. പത്മനാഭമേനോൻ.—വെള്ളിയാഴ്ചമുതൽ ചില സ്കൂളുകൾ അവധിയാണെന്നു് ചിലർ പറഞ്ഞറിയുന്നു. വാസ്തവംതന്നെയാണോ?

മിസ്റ്റർ സി. മമ്മായി.—അതെ മഹമ്മദീയർക്കായി ചിലസ്കൂളുകൾപ്രത്യേകം ഉണ്ടു് അങ്ങിനെയുള്ള സ്കൂളുകൾ വെള്ളിയാഴ്ച മുഴുവനും മുടക്കമാണു്. അതിനുപകരം ശനിയാഴ്ച സ്കൂൾ പഠിത്തം ഉള്ളതിവസമാക്കീട്ടുണ്ടു്.

പ്രസിഡെണ്ടു്.—അവക്കു പ്രത്യേകമായി അപ്രകാരമുള്ള സ്കൂളുകളിൽ മുസ്ലീം വിദ്യാർത്ഥികൾ കാണുമല്ലൊ. അവർക്കു് എങ്ങിനെയാണു്?

മിസ്റ്റർ സി. മമ്മായി:—സാധാരണ അവർ വരാറുണ്ടു്. അവർക്കു പള്ളിയിൽ പോകുന്നതും മറ്റും ഒരു മണിക്കൂർ ആവശ്യപ്പെട്ടാൽ അനുവദിക്കുന്നുണ്ടു്. സാധാരണ 100 മുസ്ലീം കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ സൌകര്യത്തെ ഉദ്ദേശിച്ചു് അതിനു മുസ്ലീം സ്കൂളായി കണക്കാക്കി വെള്ളിയാഴ്ചദിവസം മുടക്കു് അനുവദിക്കുന്നുണ്ടു്. ചെറുതുരുത്തിയിൽ ഇപ്രകാരം ഒരു സ്കൂളുണ്ടു്. നമ്മുടെ ഈ മെമ്പർതന്നെ ആ മാതിരി ഒരു സ്കൂൾ നടത്തുന്നുണ്ടു്. ചില സ്ഥലങ്ങളിൽ മുസ്ലീം സ്കൂളുകളായി കണക്കാക്കാത്തതിൽ മറ്റുള്ള കുട്ടികളുടെ എണ്ണമായിരിക്കും അധികം. ആ സ്കൂളുകൾ വെള്ളിയാഴ്ച മുടക്കുന്നതുകൊണ്ടു് മറ്റുള്ളവരും കൂടി ബുദ്ധിമുട്ടേണ്ടി വരുന്നുണ്ടു്. അതെല്ലാം സഹിച്ചു് അവരും ശനിയാഴ്ച പള്ളിക്കൂടത്തിൽ വരേണ്ടിയിരിക്കുന്നു.

ഡാക്ടർ എ. ജി. മേനോൻ.—അഭിക്കോട്ടു് അങ്ങനെ ഒരു സ്കൂൾ ഉണ്ടു്.

മിസ്റ്റർ സി. മമ്മായി.—ഉവ്വു്, അഭിക്കോട്ടും ഒന്നുണ്ടു്. ഇങ്ങനെ സ്റ്റേറിൽ ആകെ പത്തിരുപതു് സ്കൂളുകൾക്കു് വെള്ളിയാഴ്ച ഒഴിവു കൊടുക്കുന്നുണ്ടു്.

പ്രസിഡെണ്ടു്.—ഓരോ സ്കൂളുകളിൽ ഉള്ള മുസ്ലീം കുട്ടികൾക്കു് വല്ല സൌകര്യവും വെള്ളിയാഴ്ച കൊടുക്കുന്നുണ്ടൊ?

മിസ്റ്റർ സി. മമ്മായി.—അവർ ആവശ്യപ്പെട്ടാൽ പള്ളിയിൽ പോകുന്നതിനും കുമ്മം നടത്തുന്നതിനും മാത്രം ഒഴിവുകൊടുക്കുന്നുണ്ടു്.

പ്രസിഡെണ്ടു്.—ഇപ്പോഴത്തെ നടപ്പുപ്രകാരം മുസ്ലീംകുട്ടികൾ വെള്ളിയാഴ്ച ഈ വകസ്കൂളുകളിൽ വരാറുണ്ടൊ?

മിസ്റ്റർ സി. മമ്മായി.—വരാറുണ്ടു്. അവർക്കു പള്ളിയിൽ പോകാനും മറ്റും ഒഴിവുകൊടുക്കുമെന്നേയുള്ളു. സ്വിട്ടീഷിലും അതുപോലെയാണു്

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ജി. മേനോൻ.—ബ്രിട്ടീഷിൽ അവക്ക് പ്രത്യേകമായി അവരുടെ വിശേഷ ദിവസങ്ങളിലും ഒഴിവുകൊടുക്കുന്നുണ്ട്.

പ്രസിഡണ്ട്.—അതു് ഇവിടേയും ഉണ്ട്. ക്ടാതെ വെള്ളിയാഴ്ച ഒഴിവു കൊടുത്താൽ അവക്ക് അന്നത്തെ പഠിത്തം നഷ്ടമാവും.

റാവുസാഹിബ് ടി. വി. കുട്ടനിരുക്കയ്യർ.—അവക്ക് ഇവിടേയും ചില പ്രത്യേക ദിവസങ്ങളിൽ—അതായതു് ബക്രീദ്, മൊഹറം, മുതലായതിന് അവക്ക് അവധി കൊടുക്കുന്നുണ്ട്. അതുയെ സാധിക്കയുള്ളു. വെള്ളിയാഴ്ചകൂടി അവധി അനുവദിച്ചുകഴിഞ്ഞാൽ 52 വെള്ളിയാഴ്ചപഠിത്തം ഇല്ലാതെവരും. അപ്പോൾ നിയമപ്രകാരമുള്ള ദിവസം തികയുകയില്ല. അതുകൊണ്ട് കുട്ടികളുടെ വിഷയത്തിൽ ആവശ്യപ്പെടുമ്പോൾ ഒഴിവുകൊടുത്താൽ മതിയാകും. അങ്ങിനെ ചെയ്യുന്നതാണ് നല്ലതു്. കോടതികളുടെ കാര്യത്തിൽ 'ഞാൻ മുമ്പു പറഞ്ഞതുപോലെ കക്ഷികളും സാക്ഷികളും ആവശ്യപ്പെട്ടാൽ കേസ്സ് നീട്ടുന്നതിന് കോടതിക്ക് വിരോധമുണ്ടാകയില്ല.

ഡാക്ടർ എ. ജി. മേനോൻ.—ഗവർമ്മെണ്ട് പറഞ്ഞ പ്രകാരം സമ്മതിച്ചും കൊണ്ട് പ്രമേയം പിൻവലിക്കുന്നതിന് മെമ്പർക്ക് വിരോധമുണ്ടോ ?

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—എങ്ങിനെ ചെയ്യാലും വേണ്ടില്ല. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചേടത്തോളം കമ്മസ്സയത്തിന് ഒഴിവു കൊടുത്താൽ മതി. ബാക്കി സാക്ഷികളേയും കക്ഷികളേയും കല്പന അയച്ചു വരുത്തുക എന്നുള്ളതിനെ ഇതുപ്രകാരം ഒഴിവാക്കിയിരിക്കുന്നതായി ഗവർമ്മെണ്ട് ഒരു കമ്മ്യൂണിക്ക് പ്രസിദ്ധപ്പെടുത്തിയാൽ മതി.

പ്രസിഡണ്ട്.—കോടതികളെ സംബന്ധിച്ചേടത്തോളം ഉപ്പോൾ തീരുമാനിച്ച് പറയാൻ തരമില്ല. ഇപ്പോഴത്തെ കോടതി നടപ്പുകളും ജഡ്ജിമാരുടെ അഭിപ്രായങ്ങളും അറിഞ്ഞു് അതിനു് വേണ്ട വഴിയും ഉണ്ടാക്കാൻ നോക്കാം. ഉദ്യോഗസ്ഥന്മാർക്ക് കമ്മത്തിനുള്ള സമയം ഒഴിവുകൊടുക്കാം. കുട്ടികളുടെ കാര്യത്തിലും അങ്ങിനെ ചെയ്യാം.

മിസ്റ്റർ കുഞ്ഞുമുഹമ്മദ്.—ഇങ്ങിനെ രണ്ടും ചെയ്യാമെന്ന് വാഗ്ദത്തം ചെയ്യുന്നതുകൊണ്ട് പ്രമേയം പിൻവലിക്കാം.

പ്രസിഡണ്ട്.—മിസ്റ്റർ കുഞ്ഞുമുഹമ്മദ് കൊണ്ടുവന്നിട്ടുള്ള പ്രമേയം വോട്ടിനിട്ട് കൌൺസിലിന്റെ അഭിപ്രായം അറിയണമെന്ന് ആവശ്യപ്പെടുന്നില്ല. അതിനേപ്പറ്റി ഇപ്പോൾ നടന്ന സംഭാഷണം കൊണ്ട് വേണ്ടപോലെയുള്ള തീരുമാനമുണ്ടാക്കാമെന്നു് ഗവർമ്മെണ്ട് അഭിപ്രായപ്പെട്ടതിനാൽ പ്രമേയം പിൻവലിക്കാൻ അനുവാദത്തിനു് അപേക്ഷിക്കുന്നു.

The resolution was withdrawn with leave.

The Development of Irrigation.

President.—The next item is the resolution standing in the name of Mr. Ramachandra Ayyar, regarding the development of irrigation.

Mr. T. A. Ramachandra Ayyar.—Sir, the resolution before the Council reads as follows:—"*That this Council respect-*

LIBRARY ARCHIVES Kerala Legislative Assembly